DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11.02.2019

# കാർഷികമേഖലാവാർത്തകൾ

## അപേക്ഷ ക്ഷണിക്കുന്നു

കൃഷിവകുപ്പിന്റെ കീഴിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന കാർഷിക സേവന കേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള ഫെസിലിറ്റേറ്റർ തസ്തികയിലേക്ക് റിട്ടയേർഡ് കൃഷിഓഫീസർ/ കൃഷി അസിസ്റ്റന്റ് അല്ലെങ്കിൽ ബി.ടെക്ക് അഗ്രിക്കൾച്ചർ എൻജിനീയറിംഗ്/ ബി.എസ്.സി അഗ്രി അല്ലെങ്കിൽ ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ സയൻസ്/മെക്കാനിക്കൽ എൻജിനീയർ 3 വർഷം പ്രവർത്തിപരിചയം, അല്ലെങ്കിൽ വി.എച്ച്.എസ്.ഇ അഗ്രിക്കൾച്ചർ, 5 വർഷം പ്രവർത്തി പരിചയം തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായിരിക്കണം. സ്ഥിരതാമസ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അപേക്ഷയും വിശദമായ ബയോഡേറ്റയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഈ മാസം 18ന് 10 മണിക്ക് നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിൽ പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖത്തിന് ഹാജരാകേണ്ടതാണ്.

## നെടുമങ്ങാട് മുൻസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ക്ഷീരകർഷകരുടെ ശ്രദ്ധയ്ക്ക്

മൃഗസംരക്ഷണവകുപ്പ് 14.01.2019 മുതൽ ആരംഭിച്ച കുളമ്പുരോഗ പ്രതിരോധ യജ്ഞവുമായി ബന്ധപ്പെട്ട് വെറ്ററിനറി പോളിക്ലിനിക്ക് നെടുമങ്ങാട്ടിൽ നിന്നുള്ള സ്ക്വാഡുകൾ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിനായി നെടുമങ്ങാട് മുൻസിപ്പാലിറ്റി പരിധിയിൽ വരുന്ന വീടുകളിൽ എത്തിയിട്ടില്ലായെങ്കിൽ മൃഗാശുപത്രിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതാണെന്ന് നെടുമങ്ങാട് വെറ്ററിനറി പോളിക്ലിനിക് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. ബന്ധപ്പെടേണ്ട നമ്പർ 0471-2802200, 9495391367, 9495936355.

## അറിയിപ്പ്

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട കൃഷിഭവനിൽ നടപ്പിലാക്കുന്ന 25 ഹെക്ടർ സ്ഥലത്തേക്കുള്ള ഉത്തമകൃഷി മുറകൾക്ക് ആനുകൂല്യത്തിന് പച്ചക്കറി, വാഴ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 20 സെന്റിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ള കർഷകർ കരം തീർത്ത രസീത്, ആധാർ കോപ്പിയുമായി അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് കാട്ടാക്കട കൃഷിഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471-2290922 എന്ന നമ്പരിൽ ബന്ധപ്പെടുക.

**സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരം 2018 –19**

**അപേക്ഷിക്കാനുള്ള അവസാന തീയതി ഈ മാസം 15**

കൃഷിവകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന പ്രഥമ കൃഷി മാസികയായ കേരള കർഷകൻ 2018-19 ൽ നടത്തുന്ന സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് ഫോട്ടോകൾ ക്ഷണിക്കുന്നു. **'കൃഷിയിലെ നിറകാഴ്ചകൾ'** എന്നതാണ് ഈ വർഷത്തെ വിഷയം. പ്രസ്തുത വിഷയത്തെ അടിസ്ഥാനമാക്കിയ 12:18 വലിപ്പമുള്ള കളർ ഫിലിം പ്രിന്റുകളാണ് മത്സരത്തിനായി അയയ്ക്കേണ്ടത്. ഫോട്ടോയോടൊപ്പം നല്ല റെസല്യൂഷനുള്ള സോഫ്റ്റ് കോപ്പി നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്. നേരത്തെ മത്സരത്തിനയച്ചിട്ടുള്ള ഫോട്ടോകൾ പരിഗണിക്കുന്നതല്ല. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയയ്ക്കാവുന്നതാണ്. മാസികയുടെ മുഖചിത്രത്തിനനുയോജ്യമായി വെർട്ടിക്കൽ ആംഗിളിലെടുത്ത ചിത്രങ്ങളാണ് സ്വീകരിക്കുന്നത്. കവറിനു പുറത്ത് സംസ്ഥാനതല കാർഷിക ഫോട്ടോഗ്രാഫി മത്സരം 2018-19 എന്ന് എഴുതിയിരിക്കണം. മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നയാളിന് 25000 രൂപയും, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 15000 രൂപയും 10000 രൂപയും കൂടാതെ 10 പേർക്ക് പ്രോത്സാഹന സമ്മാനമായി 2500 രൂപ വീതവും നൽകുന്നു. ഫോട്ടോകൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ. തിരുവനന്തപുരം.3. എന്ന

വിലാസത്തിൽ ഫെബ്രുവരി 15-നു മുമ്പായി അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2314358, 0471-2318186.

## ആടുവളർത്തലിൽ പരിശീലനം

മൃഗസംരക്ഷണവകുപ്പിന്റെ കുടപ്പനക്കുന്ന് പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 15,16 തീയതികളിൽ ആട് വളർത്തലിൽ പരിശീലനം നൽകുന്നു. താല്പര്യമുള്ളവർ മൃഗസംരക്ഷണ പരിശീലന കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു. ബന്ധപ്പെടേണ്ട നമ്പർ: 0471-2732918.

## പരിശീലനം

ഓച്ചിറ ക്ഷീരോത്പ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 13 മുതൽ 15 വരെ മൂന്ന് ദിവസങ്ങളിലായി ക്ഷീരസംഘം സെക്രട്ടറി, ക്ലാർക്ക്മാർക്ക് പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 15 രൂപ. പ്രവർത്തിദിവസങ്ങളിൽ 0476-23698550 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്ററൻ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തവർ 13-ന് രാവിലെ 10 മണിക്ക് പരിശീലന കേന്ദ്രത്തിൽ ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം ഉൾപ്പെടെ ഹാജരാകേണ്ടതാണ്.